LIBRARY ARCHIVES Kerala Legislative Assembly

ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ച പുതിയ പദ്ധതികൾ

*21[351]ശ്രീ. ഉമേഷ് ചള്ളിയിൽ:
,, ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് കഴിഞ്ഞ കലണ്ടർ വർഷം എത്ര പുതിയ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) കോന്നി, പാലരുവി, കല്ലാർ, ഇരിട്ടി എന്നിവിടങ്ങളിൽ പുതിയ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞു.

(ബി) ഇടുക്കി ജില്ലയിലെ തൊമ്മൻകുത്ത് വെള്ളച്ചാട്ടത്തെ കേന്ദ്രീകരിച്ച് ഒരു പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിനുവേണ്ടി ഇക്കോ ടൂറിസം വിഭാഗം ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി വനം വകുപ്പ് തദ്ദേശവാസികളെ ഉൾപ്പെടുത്തി ഒരു വനസംരക്ഷണ സമിതിയും രൂപീകരിച്ചു കഴിഞ്ഞു.

ശുദ്ധജലത്തിന്റെ കുറവുള്ള ജില്ലകൾ

*22[352] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
,, സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഏതെല്ലാം ജില്ലകളിലാണ് ശുദ്ധജലത്തിന്റെ കുറവുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് പരിഹരിക്കാൻ പ്രത്യേക നടപടി എന്തെങ്കിലും സ്വീകരിച്ചു വരുന്നുണ്ടോ;

(സി) വെള്ളത്തിന്റെ ലഭ്യത കണ്ടെത്തി വേനൽക്കാലത്തും വെള്ളം ലഭ്യമാക്കാൻ പറ്റുന്ന തരത്തിലുള്ള പുതിയ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും ചിലഭാഗങ്ങളിൽ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

(ബി) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വലുതും ചെറുതുമായ പദ്ധതികൾക്ക് പുറമേ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിയും സാങ്കേതികമായി സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ചും, ശുദ്ധജല ലഭ്യതയനുസരിച്ച് പൈപ്പു ലൈനിന്റെ നീളം കൂട്ടിയും, അഡീഷണൽ പമ്പിംഗ് ഏർപ്പെടുത്തിയും, കേടായ പമ്പുസെറ്റുകൾ നന്നാക്കിയും, സ്രോതസ്സുകൾ പുനരുദ്ധരിച്ചും, വിപുലീകരിച്ചും, സപ്ലൈ വാൽവുകൾ നിയന്ത്രിച്ചും, ജലസ്രോതസ്സുകളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) വേനൽക്കാലത്തെ വെള്ളത്തിന്റെ ലഭ്യതയെക്കുറിച്ച് പഠനം നടത്തി വേനൽക്കാലത്തും വെള്ളം ലഭ്യമാക്കാൻ പറ്റുന്ന തരത്തിലുള്ള പദ്ധതികളാണ് പൊതുവേ വിഭാവനം ചെയ്തുവരുന്നത്. പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ വർഷത്തിലെ എല്ലാ സമയത്തും വെള്ളം ലഭിക്കത്തക്കവിധം ആവശ്യമായ ഉറവിടങ്ങൾ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നു. കൂടാതെ ജലസ്രോതസ്സുകളിൽ തടയണകൾ നിർമ്മിച്ചും ജലസ്രോതസ്സുകൾ വിപുലീകരിച്ചും, പുനരുദ്ധരിച്ചും വേനൽക്കാലത്ത് വെള്ളം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ചെറുകിട വ്യവസായ സ്ഥാപനങ്ങളിലേയും ഹോട്ടൽ കോംപ്ലക്സുകളിലേയും വൈദ്യുതി മോഷണം തടയാൻ നടപടി

*23 [353] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
" വി. കെ. ഇബ്രാഹിം കുഞ്ഞ്:
" പി. കെ. അബ്ദുറബ്ബ്:
" പി. കെ. കെ. ബാവ:
" ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങളിലും ഹോട്ടൽ കോംപ്ലക്സുകളിലും വൈദ്യുതി മോഷണം തടയാൻ വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly